AcAs
Circulation
27/Dec/2025

രജിസ്ട്രാർ

ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്

വികാസ് ഭവൻ, തിരുവനന്തപുരം

ടെലിഫോൺ-0471-2300523,24,2302090

ഇ-മെയിൽ-director.mwd@gmail.com

വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം.MWD/695/2025-S തീയതി.27-12-2025

ഡയറക്ടർ

രജിസ്ട്രാർ
(കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളും)

സർ,

വിഷയം- : ന്യൂനപക്ഷക്ഷേമ വകുപ്പ് - ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ഗവേഷണ വിദ്യാർത്ഥികളായുള്ള ചീഫ് മിനിസ്റ്റേഴ്സ് റിസേർച് ഫെൽലോഷിപ്പ് അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന- 26.12.2025-ലെ വിജ്ഞാപനം

ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ഗവേഷണ അവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് "ചീഫ് മിനിസ്റ്റേഴ്സ് റിസേർച് ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റീസ്" എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു.

2025-26 അധ്യയന വർഷത്തിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യുജിസി) അംഗീകരിച്ച എല്ലാ സർവകലാശാലകളിലും/സ്ഥാപനങ്ങളിലും റെഗുലർ/ഫുൾടൈം ഗവേഷണം ചെയ്യുന്ന കേരളീയർ ആയ ന്യൂനപക്ഷ മതവിഭാഗത്തിൽപെട്ട (മുസ്ലീം,ക്രിസ്ത്യൻ(എല്ലാ വിഭാഗങ്ങളും), സിഖ്,ബുദ്ധ,ജൈന,പാഴ്സി) വിദ്യാർത്ഥികളെ പ്രോൽസാഹിപ്പിക്കുന്നതിനായുള്ള ഫെല്ലോഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നതിനായി വിജ്ഞാപനം സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും അർഹരായ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും, അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ മാർഗനിർദേശങ്ങൾ അറിയിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങൾ, അപേക്ഷാ നടപടിക്രമങ്ങൾ, അവസാന തീയതി തുടങ്ങിയ വിശദാംശങ്ങൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ/ഔദ്യോഗിക വിജ്ഞാപനങ്ങൾ പ്രകാരം വിദ്യാർത്ഥികളെ അറിയിക്കേണ്ടതാണ്. അർഹരായ വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി അപേക്ഷ സമർപ്പിക്കാൻ ആവശ്യമായ സഹായവും മാർഗനിർദേശവും സ്ഥാപനങ്ങൾ നൽകണമെന്ന് പ്രത്യേകം ശ്രദ്ധ നല്കാൻ താത്പര്യപ്പെടുന്നു.

ഇത് സംബന്ധിച്ച വിവരം നോട്ടീസ് ബോർഡുകളിലൂടെയും സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റ്/ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയും പ്രചരിപ്പിക്കേണ്ടതാണ്. സ്ഥാപന മേധാവികൾ അംഗീകരിച്ച അപേക്ഷകൾ ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ലഭ്യമാക്കേണ്ട **<u>അവസാന തിയതി 15.01.2026-ആയി</u>** നിശ്ചയിച്ചിട്ടുള്ളതിനാൽ വിഷയം അടിയന്തിരമായി പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

SABIN SAMEED

IAS

ഡയറക്ടർ

Signed by Sabin Sameed
Date: 27-12-2025 13:19:30

**<u>വിജ്ഞാപനം</u>**

**<u>2025-26 സാമ്പത്തിക വർഷത്തെ</u>**

**<u>ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള</u>**

**<u>'ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെലോഷിപ്പ് ഫോർ മൈനോറിറ്റീസ് '</u>**

**<u>അപേക്ഷകൾ ക്ഷണിക്കുന്നു</u>**

2025-26 അധ്യയന വർഷത്തിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യുജിസി) അംഗീകരിച്ച എല്ലാ സർവകലാശാലകളിലും/സ്ഥാപനങ്ങളിലും റെഗുലർ/ഫുൾടൈം ഗവേഷണം ചെയ്യുന്ന കേരളീയർ ആയ ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെട്ട (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗങ്ങളും) സിഖ്, ബുദ്ധ, ജൈന, പാഴ്സി) വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി **"ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെലോഷിപ്പ് ഫോർ മൈനോറിറ്റീസ്"** സ്കോളർഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുന്നു.

പ്രതിമാസം ₹20,000 രൂപ വീതം ഒരു വർഷത്തേക്ക് ഒറ്റത്തവണയായി 2,40,000/- രൂപ ഫെലോഷിപ്പായി അനുവദിക്കുന്നു. അപേക്ഷകർ കേന്ദ്ര/സംസ്ഥാന സർക്കാരിന്റെയോ സർവകലാശാലകളുടെയോ ഫെലോഷിപ്പുകളോ മറ്റു സഹായമോ ലഭിക്കാത്ത ഗവേഷണ വിദ്യാർഥികൾ ആയിരിക്കണം.

അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്ന വർഷം രജിസ്റ്റർ ചെയ്തിട്ടുള്ള റെഗുലർ/ഫുൾടൈം ഗവേഷണ വിദ്യാർഥികൾക്കും അപേക്ഷിക്കാവുന്നതാണ്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നല്കുന്നതാണ്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷികവരുമാനമുള്ള എ.പി.എൽ വിഭാഗത്തെയും പരിഗണിക്കും. 30% ഫെലോഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. നിശ്ചിത ശതമാനം പെൺകുട്ടികൾ ഇല്ലാത്തപക്ഷം അർഹരായ ആൺകുട്ടികളെയും ഫെലോഷിപ്പിന് പരിഗണിക്കുന്നതാണ്. 5% ഫെലോഷിപ്പ് ഭിന്നശേഷിക്കാർക്ക് (PwD), സംവരണം ചെയ്തിട്ടുണ്ട്.ഭിന്ന ശേഷി വിഭാഗത്തിൽ പെട്ട അപേക്ഷകരില്ലാത്ത പക്ഷം പൊതു വിഭാഗത്തിലുള്ള അപേക്ഷകരെ പരിഗണിയ്ക്കുന്നതായിരിക്കും , ഒരു കുടുംബത്തിൽ നിന്നും ഒരാൾക്ക് മാത്രമെ ഫെലോഷിപ്പ് അനുവദിക്കുകയുള്ളൂ. അപേക്ഷകരുടെ പ്രായം 40 വയസ്സിൽ കവിയാൻ പാടുള്ളതല്ല. ഭിന്നശേഷിക്കാർ (PwD), വനിതകൾ എന്നിവർക്ക് ഉയർന്ന പ്രായപരിധി ഇളവ് ലഭിക്കും.

റിസർച്ച് സ്കോളർ ആയി പ്രവേശനം നേടുന്ന തീയതി മുതൽ അഞ്ച് വർഷ കാലയളവിനുള്ളിൽ ഏതെങ്കിലും മൂന്ന് വർഷത്തേക്ക് പട്ടിക 1.1-ൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ ക്കനുസരിച്ച് ഫെലോഷിപ്പ് അനുവദിക്കുന്നത്. ആറു മാസം കൂടുമ്പോൾ ബന്ധപ്പെട്ട ഗൈഡിൽ നിന്നും അറ്റന്റൻസ് & പ്രോഗ്രസ് റിപ്പോർട്ട് ഒപ്പിട്ട് വാങ്ങി സ്ഥാപന മേധാവി മുഖേന സമർപ്പിക്കേണ്ടതാണ്. ആയത് സമർപ്പിക്കുന്ന മുറക്ക് മാത്രമേ സ്കോളർഷിപ്പ് തുക വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് അനുവദിക്കുകയുള്ളൂ.

ഗവേഷണം പൂർത്തിയാക്കുന്ന മുറയ്ക്ക് യൂണിവേഴ്സിറ്റി നൽകുന്ന തീസിസ് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, PhD ഡിഗ്രി സർട്ടിഫിക്കറ്റിൻ്റെ പകർപ്പ് എന്നിവ സമർപ്പിക്കേണ്ടതാണ്. അപേക്ഷകരുടെ ബാഹുല്യത്തിനും, അലോട്ട്മെൻ്റ് ലഭ്യതക്കും അനുസരിച്ച് സ്കോളർഷിപ്പ് നിജപ്പെടുത്തുന്നതിനു അക്കാദമിക് മെരിറ്റിന്റെ (അടിസ്ഥാന കോഴ്സ്) അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിക്കുന്നതാണ്. 250 വിദ്യാർത്ഥികളെ ആണ് 2025-26 വർഷം **ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെലോഷിപ്പ് ഫോർ മൈനോറിറ്റീസ്** " ഫെല്ലോഷിപ്പിനായി തെരഞ്ഞെടുക്കുന്നത്.

<u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ :</u>

1. പൂരിപ്പിച്ച അപേക്ഷ ഫോം
2. എസ്.എസ്.എൽ.സി., ബിരുദം, ബിരുദാനന്തര ബിരുദ മാർക്ക് ലിസ്റ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് (അക്കൗണ്ട് നമ്പർ, ബ്രാഞ്ച്, IFSC ഉൾപ്പെടെ)
4. ആധാർ കാർഡ് പകർപ്പ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ന്യൂനപക്ഷ/സമുദായ സർട്ടിഫിക്കറ്റ്
7. വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റ്
8. റേഷൻ കാർഡ് പകർപ്പ്

9. പി.എച്ച്.ഡി. അഡ്മിഷൻ/രജിസ്ട്രേഷൻ ലെറ്റർ

10. പട്ടിക 1.1 പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ

11. റിസർച്ച് ഗൈഡ്/റിസർച്ച് സൂപ്പർവൈസർ ഒപ്പിട്ട സർട്ടിഫിക്കറ്റ് (അനുബന്ധം 1 പ്രകാരം)

12. വകുപ്പുമേധാവി ഒപ്പുവെച്ച സ്ഥിരീകരണ സർട്ടിഫിക്കറ്റ് (അനുബന്ധം 1 പ്രകാരം)

<u>അപേക്ഷ സമർപ്പിക്കേണ്ട വിധം.</u>

1. അപേക്ഷകർ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിലെ സ്കോളർഷിപ്പുകൾ, News & updates എന്നീ ലിങ്കുകളിൽ ഏതെങ്കിലും ഒന്നിൽ ക്ലിക്ക് ചെയ്ത് സ്കോളർഷിപ്പ് വിജ്ഞാപനത്തിനൊപ്പം നൽകിയിരിക്കുന്ന Application form ഡൗൺലോഡ് ചെയ്ത് പൂരിപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷ ഫോമും അനുബന്ധരേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

2) ഗവേഷണ വിദ്യാർത്ഥികൾ സമർപ്പിക്കുന്ന രേഖകളും, അപേക്ഷ ഫോമിന്റെ പ്രിന്റൗട്ടും സ്ഥാപന മേധാവി പരിശോധിച്ച് അംഗീകരിക്കേണ്ടതും, അംഗീകരിച്ച അപേക്ഷ The Director, Directorate of Minority welfare, 4th floor, Vikas Bhavan, Thiruvananthapuram-695033 വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ <u>15.01.2026-ന് മുമ്പായി</u> അപേക്ഷകർ ലഭ്യമാക്കേണ്ടതുമാണ് നിശ്ചിത സമയത്തിനുള്ളിൽ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി സമർപ്പിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

3 ) കേന്ദ്ര/സംസ്ഥാന സർക്കാരിന്റെയോ സർവ്വകലാശാലകളുടെയോ ഫെലോഷിപ്പുകളോ മറ്റ് സഹായമോ ലഭിക്കാത്ത ഗവേഷണ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. ആയതിനാൽ മറ്റു ഫെല്ലോഷിപ്പുകളൊന്നും ലഭിക്കുന്നില്ല എന്ന് ബന്ധപ്പെട്ട വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4) അപേക്ഷകർക്ക് IFSC കോഡുള്ള ഷെഡ്യൂൾഡ് കൊമേർഷ്യൽ ബാങ്കിൽ സ്വന്തം പേരിൽ ആധാർ ലിങ്ക് ചെയ്ത അക്കൗണ്ട് ഉണ്ടായിരിക്കണം. അപേക്ഷ സമർപ്പിക്കുമ്പോൾ അക്കൗണ്ട് ലൈവ് ആയിരിക്കേണ്ടതുമാണ് .

5 ) പട്ടിക 1.1 പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് സ്കോളർഷിപ്പ് തുക അനുവദിക്കുന്നതാണ്. പിന്നീടുള്ള ഗഡുക്കൾ അറ്റൻഡൻസ് & പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിക്കും. ആറ് മാസം കൂടുമ്പോൾ ബന്ധപ്പെട്ട ഗൈഡിൽ നിന്നും അറ്റൻഡൻസ് & പ്രോഗ്രസ്സ് റിപ്പോർട്ട് ഒപ്പിട്ട് വാങ്ങി സ്ഥാപന മേധാവി മുഖേന സമർപ്പിക്കേണ്ടതാണ്.

<u>അവസാന തീയതികൾ</u>

1) പൂരിപ്പിച്ച അപേക്ഷ ഫോമും പട്ടിക 1.1 പ്രകാരമുള്ള അനുബന്ധ രേഖകളും ന്യൂനപക്ഷ ക്ഷേമ ഡയറക്ടറിലേക്ക് <u>ഹാജരാക്കേണ്ട അവസാന തീയതി 15.01.2026</u>

5 വർഷം നീണ്ടു നിൽക്കുന്ന ഗവേഷണ കാലയളവിൽ 3 തവണ ആയിട്ടാണ് ഫെല്ലോഷിപ് അനുവദിക്കുക . രണ്ടും മൂന്നും തവണകൾ അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളിൽ എന്തെങ്കിലും ചേർക്കലുകൾ ഒഴിവാക്കലുകൾ ഉള്ള പക്ഷം വരും വർഷങ്ങളിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. പദ്ധതിയും അതിന്റെ നടത്തിപ്പും സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ ആയതിന്മേൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെലക്ഷൻ കമ്മിറ്റി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

SABIN SAMEED IAS

DIRECTOR

Signed by Sabin Sameed
Date: 26-12-2025 20:22:16

Table 1-1

Duration of Fellowship

| Sl No. | Phase | Criteria | Remarks |
|---|---|---|---|
| 1. | I (1st year) | Joining Report/ Registration for Ph.D., BPL Category, Income Limit, UGC CSIR NET score/percentile (excluding JRF), PhD only scores etc. | Students can only receive fellowship three times during the tenure of PhD. |
| 2. | II (2nd year) | Research Advisory Committee (RAC) Report, Course work completion report from supervisor/ guide /HoD | |
| 3. | III (3rd year) | Promotion to SRF Report (on the basis of recommendation by a panel of three-guide, HoD and an external expert as in the case of UGC JRF to SRF assessment) | |
| 4. | | Research Advisory Committee | |

| | | | |
|---|---|---|---|
| | 4th / 5th year | (RAC) Report, Paper Publishing in peer-reviewed or Scopus-indexed journals. | |

കുറിപ്പ്:

ഒരു വിദ്യാർത്ഥി ആദ്യവർഷത്തിൽ ഫെലോഷിപ്പിന് അർഹത നേടുകയും, രണ്ടാംവർഷത്തിൽ അർഹത നേടാതിരിക്കുകയുമാണെങ്കിൽ, മൂന്നാംവർഷത്തേക്ക് അപേക്ഷിക്കുമ്പോൾ രണ്ടാംവർഷത്തിന്റെയും മൂന്നാംവർഷത്തിന്റെയും എല്ലാ നിബന്ധനകളും പാലിക്കേണ്ടതുണ്ട്. ഇതേ രീതിയാണ് തുടർന്നുള്ള വർഷങ്ങൾക്കും ബാധകമായിരിക്കുന്നത്.

Annexure I(അനുബന്ധം 1)

<u>CONFIRMATION CERTIFICATE</u>

(To be issued by the Head of the Department / Research Guide / Research Supervisor)

This is to certify that Mr./Ms./Mx. ______________________________, is currently pursuing PhD (full time) during the __________ academic year, and is in the _________ year of study at ____________________________________________ University / College / Research Centre.

The candidate is carrying out research under the supervision of Dr. ____________________________, in the subject "________________________________________________", as a regular (full-time) Ph.D. student.

It is further certified that he/she/they is not receiving any other scholarship, stipend, HTRA, fellowship, or any similar financial assistance from UGC /Central Government /State Government / any other source.

Place: ____________________________

Date: ____________________________

Signature of Research Guide / Research Supervisor

*(Seal of the Department / Institution)*

Signature of Head of Department

Name: ____________________________________

Designation: _______________________________

Office Seal

# Guidelines for Chief Minister's Research Fellowship for Minorities 2025–26

- The fellowship supports students belonging to the minority communities **(Muslim, Christian (all sects), Sikh, Buddhist, Jain, and Parsi)** as notified under Section 2 of the National Commission for Minorities Act, 1992 who are regular (full time) **Ph.D.** scholars in universities/institutions recognised by the University Grants Commission (UGC)."
- The aim is to help financially weak but meritorious students to complete their research successfully.
- The Scholarship amount is **₹2,40,000 per year.** The student will be eligible to receive the fellowship up to 3 times (Maximum up to 5 years i.e., 3 times during the course period of 5 years), depending on satisfactory progress. i.e., "consolidated amount of ₹20,000 per month").

## I. Eligibility Criteria

1. Students who are **enrolled in a regular, full-time**, pursuing **Ph.D. programme** in a recognized Government or Government-aided institution in India during **2025–26**.
2. Preference will be given to students belonging to the BPL category. In the absence of BPL applicants, **APL students** with income below the government limit may be considered.
3. Ensure that **only one member per family** applies for this fellowship.
4. The applicant must be a **permanent resident of Kerala** (Non-Resident Keralites are not eligible).
5. The applicant must be below 40 years of age as on 01.10.2025. **Relaxation in the upper age limit to be received for candidates belonging to specific categories, such as persons with Disabilities (PwD) and women.**
6. The student will be eligible to receive the fellowship up to 3 times (Maximum up to 5 years i.e., 3 times during the course period of 5 years) only upon satisfactory academic performance, as per universities guidelines, and based on a confirmatory certificate from the Research Guide, Research Supervisor, Institution or the Research Advisory Committee (RAC).
7. A scholar is eligible to receive only one fellowship at a time. The scholar shall declare that he/she will not accept/receive any other monetary

benefit/scholarship/fellowship from any other source. In other words, a scholar who is awarded fellowship under this scheme shall not accept any other fellowship/scholarship or hold any appointment, paid or otherwise, or receive any emoluments, salary, stipend etc. (example: JRF, HTRA, KSCSTE, Institute stipendiary, Sponsorship or scholarship from any other source) during the tenure of the award (except in case of 'academic leave' of one year). In case, a scholar is already in receipt of any scholarship/fellowship, he/she will have to relinquish either the previous scholarship/fellowship/any other monetary benefit or to forgo the selection under this scheme.

8. A scholar who does not complete his/her research work during the tenure of Ph.D. programme in their concerned institution shall not be eligible to apply again under this scheme. Similarly, a scholar who has completely or partially availed any fellowship for pursuing Ph.D. earlier shall also not be eligible for fellowship under this scheme.
9. Employees of any University/ College/ Educational Institutional/Central/ State/ UT Government shall be excluded from availing fellowship, even if they are on Leave(LWA on study purposes) or EOL to pursue the PhD course.

## II. Mode of Selection

1) Selection will be made by a **Departmental Selection Committee**. The selection committee includes the following personnel:
   a) Additional/Joint/Deputy Secretary from Secretariat.
   b) Director, Dept. of Minority welfare
   c) Administrative Officer/Finance Officer, Dept. of Minority welfare
   d) Representatives from any of the prominent government universities in Kerala
   e) Project Officer, Dept. of Minority welfare
2) Priority will be given based on BPL status and annual family income, subject to meeting all other eligibility criteria.
3) **30% of fellowships are reserved for women students**. If sufficient women applicants are not available, the remaining slots may be given to male applicants.
4) **5% of fellowships are reserved for Persons with Disabilities (PwD) students.** If sufficient PwD applicants are not available, the remaining slots may be given to open category.
5) Selection is based on:
   a) Eligibility verification
   b) Income level

c) Minority community proportion in Kerala population

## III. Duration of Fellowship

**Table 1.1**

| Sl No. | Phase | Criteria | Remarks |
|---|---|---|---|
| 1. | I (1st year) | Joining Report/ Registration for Ph.D., BPL Category, Income Limit, UGC CSIR NET score/percentile (excluding JRF), PhD only scores etc. | Students can only receive fellowship three times during the tenure of PhD. |
| 2. | II (2nd year) | Research Advisory Committee (RAC) Report, Course work completion report from supervisor/ guide /HoD | |
| 3. | III (3rd year) | Promotion to SRF Report (on the basis of recommendation by a panel of three-guide, HoD and an external expert as in the case of UGC JRF to SRF assessment) | |
| 4. | 4th / 5th year | Research Advisory Committee (RAC) Report, Paper Publishing in peer-reviewed or Scopus-indexed journals. | |

**Note:**

**If a student qualifies for the fellowship in 1st year but not in the 2nd year, then to apply for 3rd year, they must satisfy the conditions for both 2nd year and 3rd year. The same follows other years as well.**

## IV. How To Apply

- Visit the official scholarship portal (minoritywelfare.kerala.gov.in).

- Download the Application Form from the website.
- Fill out the application form with accurate and complete information.
- Submit the completed form to the Directorate of Minority Welfare, 4th floor, Vikas Bhavan, Thiruvananthapuram-695033 on or before 15.01.2026 through post and through email: scholarship.mwd@gmail.com

## V. Documents to be submitted by applicants

Applicants must submit the following along with the application:

- Printout of application registration form.
- Copies of mark lists of SSLC, Graduate, and Postgraduate examinations.
- Copy of the first page of the bank passbook in the applicant's name (showing name, account number, branch code, and branch address)
- Copy of Aadhaar Card
- Copy of Nativity Certificate.
- Copy of Community Certificate or Minority Certificate.
- Original Income Certificate from the Village Office.
- Copy of Ration Card.
- PwD certificate if applicable
- Admission/registration letter for Ph.D.
- Certificates as per Table 1.1
- Certificate of confirmation signed by the Research Guide/Research Supervisor/Head of Department (as per Annexure I)
- Any other document mentioned in the official notification

# CM RESEARCH FELLOWSHIP FOR MINORITIES

Please affix your recent passport size photograph and sign across

## (2025-26)

## Application

| | |
|---|---|
| **Registration ID**<br>**(Last six digits of Aadhaar Number)** | |
| **1) Full Name** | |
| **2) Name of Father/Husband/Guardian** | |
| **3) Regular/Full Time** | |
| **4) Aadhaar Number** | |
| **5) Permanent Address** | |
| i) House No./Name | |
| ii) Street/Locality | |
| iii) Name of City/Town/Village | |
| iv) Post Office | |
| v) District | |
| vi) State | |
| vii) Pin code | |
| viii) Phone number | |
| ix) Mobile Number | |
| **6) Address for correspondence** | |
| i) House No./Name | |
| ii) Street/Locality | |
| iii) Name of City/Town/Village | |
| iv) Post Office | |
| v) District | |
| vi) State | |
| vii) Pin code | |
| **7) Date of Birth** | |
| **8) Whether Male/Female/Others** | |

| | |
|---|---|
| **9) Religion & Caste** | |
| **10) Nationality** | |
| **11) Details of Post – Graduation Course** | |
| i) Examination passed | |
| ii) Year of passing | |
| iii) Percentage of marks obtained in aggregate | |
| **12) Details of programme** | |
| i) Faculty | Science/ Social science/language/Humanities/Commerce & Management |
| ii) Subject | |
| iii) Area of research with title | |
| iv) Name of research supervisor | |
| v) Center name & address<br>If sub-center name of college & address | |
| vi) Batch of registration year wise (2025 January batch / 2025 July batch/Previous Years) | |
| vii) Date of joining | |
| **13) Details of bank account** | |
| i) Account number | |
| Ii) Name of bank | |
| iii) Branch code, address and IFSC Code | |
| **Enrollment ID** | |
| **Full name** | |

**14) Documents enclosed with the application**

- One copy of passport size photograph with signature, pasted on the registration form.
- Attested copy of certificate of Post-graduation mark list.
- Attested copy of the first page of pass book in the name of the student, showing the account number, IFSC code and address of the branch
- Copy of Aadhaar /Enrollment documents
- Consent letter from the corresponding guide at the research institution
- Certified copy of joining letter

- Affidavit certified by the relevant guide that no other fellowships are being receive
- Attested copy of university registration order
- confirmation certificate

**15) Declaration**

I hereby declare that the information furnished above is correct to the best of my knowledge and belief. I understand that if at any stage, it is found to the satisfaction of the sanctioning authority that the information given by me is false or I have violated the terms and conditions of the scholarship, the scholarship sanctioned to me may be cancelled and the entire amount of scholarship with interest as per rules will be refunded by me, apart from liability for such penal actions warranted by the law.

Place :

Date :

Signature of the candidate

**16) Remarks by verifying officer**

Verified that the details given by the candidate with supporting documents are found to be correct.

Place : Signature of verifying officer :

Date : Name:

Designation:

**17) Certificate by the head of the institution**